**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1466** **07-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ നിർമ്മാണ തൊഴിലാളികളുടെ അംശാദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നിർമ്മാണ തൊഴിലാളികളുടെ അംശാദായം 2018 മുതൽ ഇരുപത് രൂപയിൽ നിന്ന് അൻപത് രൂപയായി വർദ്ധിപ്പിക്കുകയുണ്ടായോ; അംശാദായത്തിലെ വർദ്ധനവിനനുസൃതമായി തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട് . **2018** ജനുവരി മുതൽ ഇരുപത് രൂപയിൽ നിന്നും അൻപത് രൂപയാക്കി അംശദായം വർദ്ധിപ്പിച്ചിട്ടുണ്ട് . അംശദായം വർദ്ധിപ്പിച്ചതിനെ തുടർന്ന് ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (ബി) | നിർമ്മാണ തൊഴിലാളികൾ സെക്രട്ടേറിയറ്റ് നടയിൽ നടത്തിയ രാപകൽ സമരത്തെ തുടർന്ന് ട്രേഡ് യൂണിയനുകളുമായി സർക്കാർ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കിയിരുന്നോ; ഇല്ലെങ്കിൽ ആയത് നടപ്പാക്കാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല |
| (സി) | നിർമ്മാണ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഭവന നിർമ്മാണ വായ്പയും ഉപകരണ വായ്പയും നിർത്തലാക്കുകയുണ്ടായോ; എങ്കിൽ ഇവ തുടർന്ന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ നിർമ്മാണ തൊഴിലാളികൾക്ക് ലഭിച്ചു കൊണ്ടിരുന്ന ഭവന നിർമ്മാണ വായ്പയും, ഉപകരണ വായ്പയും അനുവദിക്കുന്നത് താൽകാലികമായി നിർത്തിവച്ചിരിക്കുകയാണ് .ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് ഭവന വായ്പയും, ഉപകരണ വായ്പയും തുടർന്നും അനുവദിക്കുന്നതാണ്. |
| (ഡി) | നിലവിൽ പെൻഷൻ പറ്റി പിരിയുന്ന തൊഴിലാളികൾക്ക് അടച്ച അംശദായത്തുക മാത്രമാണോ നൽകുന്നത്; ഇവർക്ക് അംശാദായത്തിന് ന്യായമായ പലിശ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ എന്ന് അറിയിക്കുമോ? | (ഡി) | കെട്ടിട നിർമ്മാണ ക്ഷേമ ബോർഡ് നിലവിൽ പെൻഷൻ പറ്റി പിരിയുന്ന തൊഴിലാളികൾക്ക് അടച്ച അംശദായ തുക തിരികെ നൽകി വരുന്നുണ്ട്. 1998 ആഗസ്റ്റ് 17 ന് മുൻപ് രജിസ്ട്രേഷൻ നേടിയ അംഗതൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയ്ക്കും പലിശയ്ക്കും അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ